**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 57** **24-08-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിൽ കേന്ദ്ര സർക്കാരിന്റെ ഏകീകൃത സോഫ്റ്റ്‌വെയർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളിലെ മുഴുവൻ ഡാറ്റയും കേന്ദ്ര സർക്കാരിന്റെ ഏകീകൃത സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാർ നിർദേശം നൽകിയിരുന്നോ; | (എ) | രാജ്യത്തെ 63000 പ്രാഥമിക കാർഷിക ബാങ്കുകളെ ഏകികൃത സോഫ്റ്റ് വെയർ ഉൾപ്പെടുത്തുന്ന നിർദ്ദേശം കേന്ദ്ര സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. സംഘങ്ങളുടെ ഡാറ്റാ ക്ളൗഡ് സ്റ്റോറേജ് സംവിധാനത്തിൽ സൂക്ഷിക്കും എന്നും ആയത് കേന്ദ്ര സർക്കാർ ഉപയോഗിക്കും എന്നും ചൂണ്ടികാട്ടിയിട്ടുണ്ട്. |
| (ബി) | നബാർഡ് വഴി സഹായം ലഭിക്കുന്നതിന് ഇത് ആവശ്യമാണെന്ന് അറിയിച്ചിരുന്നോ; | (ബി) | കേന്ദ്ര സർക്കാർ PACS-കൾക്കായി തയ്യാറാക്കുന്ന കോമൺ സോഫ്റ്റ് വെയറിൽ സംസ്ഥാനങ്ങൾ ചേരുകയാണെങ്കിൽ മാത്രമാണ് NABARD വഴി കോമൺ സോഫ്റ്റ് വെയറിനുള്ള സാമ്പത്തിക സഹായം ലഭ്യമാകുന്നത്. |
| (സി) | ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | വിഷയം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ